## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കായിക മേഖലയുടെ സമഗ്ര വികസനം

5 (*65) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ സമഗ്രവികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞു ; എത്ര സ്റ്റേഡിയങ്ങൾ നവീകരിച്ചു ; പ്രസ്തുത ഇനത്തിൽ എത്ര തുക വിനിയോഗിച്ചു എന്ന് വിശദമാക്കുമോ ;

(സി) സർക്കാരിന്റെ അധീനതയിൽ അന്താരാഷ്ട്ര മത്സരങ്ങൾ നടത്താൻ അനുയോജ്യമായ എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കായിക മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് സഹായകമാകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി ചെയ്തകാര്യങ്ങൾ അനുബന്ധം-I ആയി ചേർക്കുത്തിരിക്കുന്നു.* കായിക യുവജനകാര്യാലയംവഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് നിവിലുള്ള കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കായിക യുവജനകാര്യ കാര്യാലയംവഴി 2006-07 സാമ്പത്തിക വർഷത്തിൽ 17 സ്ഥാപനങ്ങൾക്ക് 40 ലക്ഷം രൂപയും 2007-08 സാമ്പത്തിക വർഷത്തിൽ 27 സ്ഥാപനങ്ങൾക്ക് 67,02,000 രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 52 സ്ഥാപനങ്ങൾക്ക് 1,29,90,000 രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 43 സ്ഥാപനങ്ങൾക്ക് 1,50,00,000 രൂപയും നടപ്പുസാമ്പത്തിക വർഷം 43 സ്ഥാപനങ്ങൾക്ക് 1,50,00,000 രൂപയും അനുവദിച്ചു നൽകുകയുണ്ടായി.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം.
5. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി.) തിരുവനന്തപുരം.
6. വാട്ടർ അതോറിറ്റി നീന്തൽക്കുളം, തിരുവനന്തപുരം.
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം.
8. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ.
10. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
11. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.
14. വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം.
15. ഹോക്കി സ്റ്റേഡിയം, കൊല്ലം.
16. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
17. കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയം.
18. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.

ഇവ കൂടാതെ ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ, പിരപ്പൻകോട് നീന്തൽക്കുളം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവുമായി ബന്ധപ്പെട്ട് 31-1-2010-വരെ 16,61,36,080 രൂപ ചെലവഴിച്ചിട്ടുണ്ട്. കളിസ്ഥല നവീകരണ/നിർമ്മാണത്തിനായി സ്പോർട്ട്സ് കൗൺസിൽ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം III-ആയി ചേർത്തിരിക്കുന്നു.*

(സി)

1. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം കലൂർ, എറണാകുളം.
2. മഹാരാജാസ് കോളേജ് സ്റ്റേഡിയം, എറണാകുളം.
3. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly